"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുവാൻ കഴിയാതെ പോയ അർ ഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/ത.സ്വഭ.വ, തീയതി 27.07.2020
2. സ.ഉ (സാധാ) നം. 358/2021/ത.സ്വഭ.വ, തീയതി 09.02.2021
3. സ.ഉ (സാധാ) നം. 2086/2021/ത.സ്വഭ.വ, തീയതി 25.10.2021
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.01.2022 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൽ ഭൂമിയുള്ള ഭവനരഹിതരുടെയും, ഭൂരഹിത ഭവനരഹിതരുടെയും അപേക്ഷകൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും പരാമർശം (2),(3) എന്നിവ പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയുണ്ടായി. അപേക്ഷകളുടെ ഫീൽഡ്തല പരിശോധന 2021 നവംബർ 1-ന് ആരംഭിച്ച് നവംബർ 30-ന് അവസാനിക്കുന്ന തരത്തിലാണ് പരാമർശം (3) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത്. എന്നാൽ ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ 6 2 % മാത്രമാണ് ഇതുവരെ പരിശോധന പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. ഫീൽഡുതല പരിശോധന പൂർത്തിയാക്കുവാൻ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന 3 8 % അപേക്ഷകൾ കൂടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സമൂഹത്തിലെ അശരണരായ കുടുംബങ്ങളുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആത്മാർത്ഥമായ പിന്തുണയും പരിശ്രമവും അകമഴിഞ്ഞ സഹകരണവും അനിവാര്യമാണ് .

2. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ചും വിവിധ സർവ്വേ പ്രവർത്തനങ്ങളിലൂടെ സാധാരണക്കാരായ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുകയും ആയതിലേക്കായി പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ആത്മാർത്ഥവും ഉത്തരവദിത്വപൂർണ്ണവുമായ പ്രവർത്തനത്തിലൂടെ ലൈഫ് 2020 പ്രകാരം ലഭിച്ച പുതിയ അപേക്ഷകളുടെ ഫീൽഡുതല പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ മുഖേന 2022 ജനുവരി 31-നകം പൂർത്തിയാക്കേണ്ടതിനും അർഹതയുള്ള എല്ലാ കുടുംബങ്ങളും ഈ ഗുണോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരായ കുടുംബങ്ങൾ ഒന്നുംതന്നെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കേണ്ടതിനും 2022 ജനുവരി 31-നുള്ളിൽ ഫീൽഡുതല അന്വേഷണം പൂർത്തിയാക്കി അർഹരാണെന്ന് കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കളുടെയും ജില്ലാതല പട്ടിക, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പൂർണ്ണമായും പുന:പരിശോധിച്ച് 2022 ഫെബ്രുവരി 28-നകം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ

ഉത്തരവുണ്ടാകണമെന്ന് പരാമർശം( 4 ) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമൂഹത്തിലെ പാർശ്വവൽക്കരിപ്പെട്ട ജനവിഭാഗങ്ങളുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി അവശേഷിക്കുന്ന അർഹതയുള്ള എല്ലാ കുടുംബങ്ങളും ഗുണോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരായ കുടുംബങ്ങൾ ഒന്നും തന്നെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പുവരുത്തി 2022 ജനവരി 31-നുള്ളിൽ ഫീൽഡുതല അന്വേഷണം പൂർത്തിയാക്കി അർഹരാണെന്ന് കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും ജില്ലാതല പട്ടിക ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പൂർണ്ണമായും പുന:പരിശോധിച്ച് 2022 ഫെബ്രുവരി 28-നകം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ